## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1779 | 21/01/2014-ൽ മറുപടിക്ക് |
|---|---|

**' സ്നേഹിത' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 'സ്നേഹിത' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി താൽക്കാലിക അഭയകേന്ദ്രം എന്ന നിലയ്ക്ക്, സംസ്ഥാനത്തെ 3 മേഖലകളിലായി, തിരുവനന്തപുരം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ "സ്നേഹിത" എന്ന പേരിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സമൂഹത്തിൽ ഒറ്റപ്പെട്ടവരും, നിരാലംബരും, പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന ഒരു ഇടമായിരിക്കും ഈ കേന്ദ്രം. ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുക എന്നതാണ് പ്രധാന ലക്ഷ്യം.<br>ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സഹായം അഭ്യർത്ഥിച്ചു വരുന്ന സ്ത്രീകൾക്ക് വേണ്ട പിന്തുണയും നിർദ്ദേശവും നൽകി അനുയോജ്യമായ സേവനദാതാക്കളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക<br>2. മാനസികവും ശാരീരികവുമായ അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവശ്യഘട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | താത്ക്കാലിക അഭയകേന്ദ്രമായി പ്രവർത്തിക്കുക<br>3. അ തിക്രമത്തിനിരയായവരെ. പ്രശ്ന ങ്ങളെ നേരിടുന്നതിൽ കരുത്തുള്ളവ രാക്കുക. സമത്വത്തെക്കുറിച്ചും അവകാശ ങ്ങളെ കുറിച്ചും കടമകളെ കുറിച്ചും അവബോധമുള്ളവരാക്കുക.<br>4. മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് അവശ്യ സന്ദർഭങ്ങളിൽ ആവശ്യമായ പി ന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമ സം, സ്ഥലങ്ങൾ-സ്ഥാപനങ്ങൾ എന്നി വയെക്കുറിച്ചുള്ള വിവരങ്ങൾ).<br>5. ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേ ണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക<br>6. പരിശീലനകളരികളും, ബോധവത്ക്ക രണ ക്ലാസ്സുകളും, കൗൺസിലിംഗും നൽകുക |
| ( സി | ആർക്കെല്ലാമാണ് പദ്ധതി വഴി ആശ്വാസം ലഭി ക്കുന്നത് ;<br>വിശദമാക്കുമോ ; | (സി) | അതിക്രമത്തിനും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾ ക്കും കുട്ടികൾക്കു മാണ് ഇതുവഴി ആശ്വാസം ലഭിക്കുന്നത്. |
| (ഡി ) | എന്തെല്ലാം സൗകര്യങ്ങ ളാണ് സ്ത്രീകൾക്ക് പദ്ധതി യിൽഒരുക്കിയിട്ടുള്ളത്; വിശ ദാംശങ്ങൾ എന്തെല്ലാമെ ന്നറിയിക്കുമോ? | അ<br>(ഡി) | അ വശ്യഘട്ടങ്ങളിൽ പിന്തുണയും സഹായവും വേണ്ടിവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും 24 മണിക്കൂർ കൗൺസിലിംഗ് സംവിധാനം, താൽക്കാലിക അഭയകേന്ദ്രം, നിയമസഹായ സംവിധാനം, നിലവിലുള്ള സർക്കാർ-സർക്കാരിതര സംവിധാനങ്ങളുമായി ബന്ധപ്പെടു വാനുള്ള സഹായം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വത്തിനായി പ്രവർത്തിക്കുന്ന സർക്കാർ-സർക്കാരിതര സംവിധാനങ്ങളെ ക്കുറിച്ചുള്ള സംശയങ്ങൾക്കുള്ള നിവാരണം എന്നീ സൗകര്യങ്ങളാണ് ഇതുവഴി ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ